(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ നിഷേധിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

പട്ടികവർഗ്ഗക്കാർ ഏതു മതത്തിൽ പെട്ടവരായാലും ആനുകൂല്യങ്ങൾക്ക് അർഹരാണ്. പട്ടികജാതിക്കാരാണെങ്കിൽ ഹിന്ദുമതത്തിലോ സിക്കുമതത്തിലോപ്പെട്ടവരായാലേ ആനുകൂല്യങ്ങൾ ലഭിക്കൂ. അതുകൊണ്ട് ക്രിസ്തുമതത്തിൽപ്പെട്ട പട്ടികജാതിക്കാർക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുണ്ട്.

(ബി) 1950-ലെ ഭരണഘടന (പട്ടികജാതി) ഉത്തരവനുസരിച്ചാണ് ഇങ്ങനെ നിഷേധിക്കുന്നത്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പശ്ചിമഘട്ട വികസന പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ

321 [351] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടവികസനപദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി;

(ബി) അവയ്ക്ക് ഓരോന്നിനും എത്ര രൂപ ചെലവഴിച്ചു;

(സി) ഇനി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തളിപ്പറമ്പ് താലൂക്കിൽ കരുവഞ്ചാൽ വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കി. കൂടാതെ, എട്ട് നടപ്പാതകളും പശ്ചിമഘട്ടവികസന പദ്ധതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. 1984-85-ൽ ആരംഭിച്ച കോളയാട് വാട്ടർഷെഡ് പദ്ധതി നടപ്പാക്കിവരുന്നു.

(ബി) കരുവഞ്ചാൽ പദ്ധതിക്ക് 38.75 ലക്ഷം രൂപയും നടപ്പാതകൾക്ക് 4 ലക്ഷം രൂപയും ചെലവഴിച്ചു. നടപ്പാക്കിവരുന്ന കോളയാട് പദ്ധതിക്ക് 12.60 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ നടപ്പുവർഷം (1986-87) കൂടുതൽ നടപ്പാതകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. 84-85 മുതൽ നടപ്പാക്കി വരുന്ന കോളയാട് പദ്ധതി 1987-88 ലെ പൂർത്തിയാകും.

ഹിന്ദുസംഗമപരിപാടിക്ക് ചെലവായ തുക

322 [352] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ 1986 ജനുവരി 5-ന് നടന്ന ഹിന്ദുസംഗമപരിപാടികൾക്ക് കേരളസർക്കാരിന് ചെലവ് ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly